ഹാസ്യ കവിത

# ഭർത്താവ്, കവിയാണ്

ജോസ് ചെരിപുറം, ന്യൂയോർക്ക്
josecheripuram@gmail.com



(ഒരു പകർച്ചവ്യാധി പോലെ അമേരിക്കയിലെ മലയാളി മധ്യവയസ്കർ സാഹിത്യരംഗത്തേക്ക് പടർന്ന് കയറി. കവിതകളും ഗദ്യകവിതകളുമാണിവർ പരീക്ഷിച്ചത്. ഒരു മാത്രുക നോക്കി പകർത്തുക എന്ന വ്യായാമം. പിന്നെ ചിലർ നിരൂപണത്തിലേക്ക് തിരിഞ്ഞു. വല്ലവനും എഴുതിയത് നോക്കി വാക്കുകൾ അവിടേയും ഇവിടേയും മാറ്റി എഴുതുക എന്ന സൂത്രം. മലയാളത്തിലെ നല്ല ക്രുതികൾ വായിച്ചിട്ടുപോലുമില്ലാത്ത ഇവരാണു നല്ല എഴുത്തുകാരുടെ പേരു കളഞ്ഞത്. ശ്രീ സുധീർ പണിക്കവീട്ടിൽ ഒരിക്കൽ അഭിപ്രായപ്പെട്ടു. എഴുത്തുക്കാരിൽ നിന്നും എഴുത്തുകാരെ തിരിച്ചറിയുകയെന്ന്.. അന്തോണി നീയ്യും അച്ചനായോടാ എന്നു ചോദിച്ച്പോലെ ചില എഴുത്തുകാരെ അവരുടെ നാട്ടുകാർ കാണുമ്പോൾ ചോദിക്കുന്നുഃ എന്നു മുതൽക്കാണു എഴുത്തുകാരനായതെന്നു / കവിയായതെന്ന്. ഈ കാര്യം ആസ്പദമാക്കി കൊണ്ടു ഒരു ഹാസ്യ കവിത. ആരെയും വേദനിപ്പിക്കാനല്ല, മറിച്ച് ചിലരെയെങ്കിലും ഈ കാര്യം ഓർമ്മിപ്പിക്കാനും ഒന്നു ചിരിപ്പിക്കാനുമാണീ ക്രുതി. ഡോളർ കൊടുത്ത് കേരള സാഹിത്യ അക്കാദമി അവാർഡ് പോലും വാങ്ങാമെന്ന അഭ്യൂഹങ്ങൾ നടക്കുമ്പോൾ എഴുത്തുകാരുടെ എണ്ണം കൂടുന്നതിൽ അൽഭുതമില്ല.)

മറുഭാഷ ചൊല്ലുന്നീ മറുന്നാട്ടിൽ വന്നപ്പോൾ
മലയാളികളെല്ലാം കവികളായി...

മധ്യ വയസ്സ് കഴിഞ്ഞവർ വാർദ്ധ്യക്യ
കെടുതിയിൽ അൽപ്പം പരിഭ്രമിച്ചോർ
കുത്തിയിരിക്കുന്നു, കൂനിയിരിക്കുന്നു
കുത്തികുറിക്കുന്നു കവി തിലകർ

കുടവയർ തപ്പുന്നു, പെട്ടയിൽ തട്ടുന്നു
“കവിതേ” വാ എന്നവർ കേണീടുന്നു
പകലന്തിയോളമീ പാവങ്ങൾ പേനയും
കടലാസ്സുമായി കഴിഞ്ഞീടുന്നു

വ്രുദ്ധൻെറ രതിപോലെ ആശകൾ ബാക്കിയായ്
മുന്നിലെ കടലാസ്സും ശൂന്യമായി
മഷിയില്ലാ പേനകൊണ്ടെങ്ങിനെ സ്പർശിക്കും

## കടലാസ്സിൽ കന്യാ പനയോലയിൽ

ജന്മനാൽ കിട്ടാത്ത വാസന തേടുന്നു
കിളവന്മാർ ഞെരിപ്പിരി കൊണ്ടീടുന്നു
അവസാനം കൈ വച്ചു നെഞ്ചത്തും
മറ്റുള്ളോർ എഴുതി വച്ചിട്ടുള്ള ക്രുതികളിലും

മോഷ്ടിച്ചു അൽപ്പാപ്പം,  ആരുമറിഞ്ഞില്ല
വെള്ളം പകർന്നൊരു ക്ഷീരം പോലെ
പിന്നെ പതിവായി, കട്ടെടുത്തുള്ളൊരു
രചനകൾ അങ്ങനെ സ്വന്തമാക്കി

കുടിയും വലിയുമായ് അന്തി കറുപ്പിച്ച
തൈകിളവന്മാർ എഴുത്തുകാരായ്
ഭാര്യമാർക്കൊക്കേയും സന്തോഷം തീരാത്ത
ആനന്ദം പിന്നെ തലക്കനവും

പഞ്ചാര ചേർക്കാത്ത കാപ്പി അനത്തുന്നു
പഞ്ചാര ചുണ്ടാൽ പകർന്നീടുന്നു
പുന്നാരം ചൊല്ലുന്നു, കെട്ടിപിടിക്കുന്നു
കവിയുടെ ഭാര്യയായ് ഭാവിക്കുന്നു

ഡോളർ കൊടുത്താൽ അവാർഡ് കിട്ടും – എന്റെ
അച്ചായൻ കവിയായ് ഖ്യാതി നേടും
ആശ്വസിച്ചീടട്ടെ സോദരിമാർ പാവം
ഡബിൾ ഡ്യൂട്ടി ചെയ്ത് തളർന്ന കൂട്ടർ !

*************